(ബി) വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിനും അവർക്ക് വിശ്രമിക്കുന്നതിനും മറ്റു സൗകര്യങ്ങളും ഉണ്ടാക്കി കൊടുക്കുന്നതിനുവേണ്ടി പ്രസ്തുത ദേവസ്വത്തിന് ടൂറിസം വകുപ്പിൽ നിന്നും ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ശ്രീനാരായണപുരം ദേവശ്രക്ഷേത്രത്തിന് ടൂറിസം വകുപ്പിൽ നിന്നും ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച ഒരു നിവേദനം സർക്കാരിന് ലഭിച്ചിരുന്നു. അത് ആവശ്യമായ നടപടികൾക്കായി ടൂറിസം ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിനും അവർക്ക് മറ്റ് സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനും ടൂറിസം വകുപ്പിൽ നിന്നും ധനസഹായ നൽകാനാവുമോ എന്നു പരിശോധിക്കാൻ ടൂറിസം ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

പൊതു പ്രവർത്തക അഴിമതി നിരോധന നിയമം

128 (870)ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുപ്രവർത്തകർക്കെതിരെയുണ്ടാകുന്ന അഴിമതി ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി സംസ്ഥാന നിയമസഭ ആദ്യമായി നിയമം പാസ്സാക്കിയത് ഏതു വർഷമാണ്;

(ബി) ഈ നിയമം ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഈ നിയമം വന്നതിനുശേഷം ഇതുവരെ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണ്; വിശദീകരിക്കുമോ;

(സി) പൊതുപ്രവർത്തക അഴിമതി നിരോധനത്തിന്റെ പരിധിയിൽ ഏതെല്ലാം തലങ്ങളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തിയിരിക്കുന്നു;

(ഡി) അഡ്വക്കേറ്റ് ജനറൽ ഇപ്പോൾ നിലവിലുള്ള ലോക് ആയുക്ത് നിയമത്തിന്റെ പരിധിയിൽ വരുമോ;

(ഇ) ഇതിനു മുൻപുണ്ടായിരുന്ന നിയമങ്ങളുടെ പരിധിയിൽ അഡ്വക്കേറ്റ് ജനറൽ വരുമായിരുന്നോ;

(എഫ്) വകുപ്പ് മേധാവി എന്ന നിലയിൽ ഇപ്പോൾ നിലവിലുള്ള നിയമത്തിന്റെ പരിധിയിൽ അഡ്വക്കേറ്റ് ജനറൽ വരികയില്ലെങ്കിൽ അഡ്വക്കേറ്റ് ജനറലിനെക്കൂടി ഇതിന്റെ പരിധിയിൽ വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) നിലവിലുള്ള നിയമത്തിന്റെ പരിധിയിൽ വരുന്ന വകുപ്പ് മേധാവികൾ ഏതെല്ലാമാണ്;

(എച്ച്) ഫിനാൻഷ്യൽ കോഡിന്റെ വാല്യം 1-ൽ പറയുന്ന വകുപ്പ് മേധാവികൾ ആരെല്ലാമാണ്; ഇവരെല്ലാം ലോക് ആയുക്തിന്റെ പരിധിയിൽ വരുന്നവരാണോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതുപ്രവർത്തകർക്കെതിരെയുണ്ടാകുന്ന അഴിമതി ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി സംസ്ഥാന നിയമസഭ ആദ്യമായി നിയമം പാസ്സാക്കിയത് 1983-ൽ ആണ്. ഈ നിയമം (കേരള പൊതുപ്രവർത്തക അഴിമതി നിരോധന നിയമം (ആക്ട് 6/84) 1984 മാർച്ച് 1-ന് നിലവിൽ വന്നു.

(ബി) നിലവിലില്ല. 1987-ൽ കേരള പൊതുപ്രവർത്തക അഴിമതി അന്വേഷണവും അന്വേഷണ വിചാരണയും ആക്ട് കേരള നിയമസഭ പാസ്സാക്കി. (ആക്ട് 24/88). ഈ നിയമം 1988 നവംബർ 16-ന് നിലവിൽ വന്നു. അതിനുശേഷം 1998 ലെ കേരള ലോക് ആയുക്ത ഓർഡിനൻസ് പ്രകാരം കേരള ലോക് ആയുക്ത നിലവിൽ വന്നു. അത് പിന്നീട് ആക്ട് 8/99 ആയി നിയമസഭ പാസ്സാക്കി.

(സി) 1983-ലെയും 1987-ലെയും നിയമത്തിലെ പബ്ളിക് മാൻ എന്ന നിർവചനത്തിൽ സർക്കാർ ഉദ്യോഗസ്ഥർ വരുന്നില്ല.

(ഡി) ഇല്ല.

(ഇ) പരിശോധിച്ച് വിവരം നല്കുന്നതാണ്.

(എഫ്) ഈ കാര്യം ആലോചിട്ടില്ല.

(ജി)&(എച്ച്) 1999-ലെ കേരള ലോക് ആയുക്ത ആക്റ്റിന്റെ സെക്ഷൻ 2(0)-ൽ പറയുന്ന പബ്ളിക് സെർവന്റ് എന്ന നിർവചനത്തിൽപ്പെടുന്നവരെല്ലാം നിലവിലുള്ള നിയമത്തിന്റെ പരിധിയിൽപ്പെടുന്നവരാണ്. ഫിനാൻഷ്യൽ കോഡ് വാല്യം 1-ൽ പ്രകാരമുള്ള വകുപ്പ് മേധാവികളുടെ ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു.†

അഡ്വക്കേറ്റ് ജനറൽ അംഗമായിട്ടുള്ള ഡിപ്പാർട്ടുമെന്റൽ പ്രമോഷൻ കമ്മിറ്റി

129(871) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡ്വക്കേറ്റ് ജനറൽ അംഗമായിട്ടുള്ള ഡിപ്പാർട്ടുമെന്റൽ പ്രമോഷൻ കമ്മിറ്റികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഡി.പി.സി. യിൽ ലാ സെക്രട്ടറിയും അംഗമാണോ;

(സി) ഡി.പി.സി. മീറ്റിംഗുകളിൽ പങ്കെടുത്ത ഇനത്തിൽ ഇപ്പോഴത്തെ അഡ്വക്കേറ്റ് ജനറൽ ടി.എ., ഡി.എ. ഇനത്തിൽ എത്ര തുക കൈപ്പറ്റിയിട്ടുണ്ട്;

(ഡി) അഡ്വക്കേറ്റ് ജനറലിനെ വകുപ്പ് തലവൻ ആയിട്ടാണോ സർക്കാർ അംഗീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) വകുപ്പ് തലവൻ എന്ന നിലയിലാണോ അഡ്വക്കേറ്റ് ജനറൽ ഡി.പി.സി. യിൽ അംഗമാകുന്നത്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly